## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2845** **13-12-2022 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് മയിലാട്ടി സബ്സ്റ്റേഷനിൽ സൗരോർജ്ജ നിലയം സ്ഥാപിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി. യുടെ കൈവശമുള്ള 5 ഏക്കർ ഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ; | (എ) | മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് 1 മെഗാവാട്ട് സൗരോർജ്ജ നിലയം സ്ഥാപിക്കാനായി ഡിസംബർ 2017-ൽ അലക്ലോണ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അഞ്ച് കോടി എൺപത്തിരണ്ട് ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം പ്ലാന്റിന്റെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ വർക്ക് ഓർഡർ 31.03.2021-ൽ റദ്ദ് ചെയ്തു.<br><br>മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി-യുടെ കൈവശമുള്ള ഭൂമിയിൽ PM-KUSUM പദ്ധതിയിൽ ഉൾപ്പെടുത്തി 3.5 MW സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനായി M/s INKEL Ltd. ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) | എൻ.എച്ച്.-66 നോട് ചേർന്ന് കിടക്കുന്ന മേൽ 5 ഏക്കർ ഭൂമിയിൽ മറ്റേതെങ്കിലും പ്രൊജക്ട് നടപ്പിലാക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ഇല്ല. നിലവിൽ പി.എം. കുസും പദ്ധതിയുടെ ഫീഡർ തല സൗരോർജ്ജവത്കരണത്തിൽ ഉൾപ്പെടുത്തി ഇവിടെ 3.5 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കാനുള്ള എഗ്രിമെൻറ് 29.11.2022-ൽ M/s INKEL LTD, Kochi എന്ന സ്ഥാപനവുമായി ഒപ്പ് വച്ചു. നിർമാണ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ